# അവൾ

സൂര്യന്റെ വെളിച്ചം അങ്ങിങ്ങായി അരിച്ചുവരുന്നു. ഏതോ വിനാഴിയിൽ നിന്നും പടർന്നുകയറിയതു പോലെ മരങ്ങൾ പച്ചയണിഞ്ഞുതുടങ്ങി. വാനിൽ സുബഹിയുടെ ഈരടികൾ കേട്ടുതുടങ്ങുമ്പോഴേക്കും അവൾ ആ കരുനീലക്കണ്ണുകൾ തുറന്നുകഴിഞ്ഞിരുന്നു. ഒട്ടും കാത്തുനിൽക്കാനുള്ള ക്ഷമയില്ലാത്തതുകൊണ്ടാവും, പ്രഭാതകൃത്യങ്ങൾ പോലും മറന്ന്, അവൾ വടക്കേമുറിയിലേക്ക് ഓടിക്കയറിയത്. ചിതലരിച്ച പുസ്തകങ്ങളെ ഉറ്റുനോക്കുമ്പോൾ ചിതലുകളോടുള്ള പകയെന്നോണമാവും ആ കണ്ണുകൾ ചുവക്കാൻ തുടങ്ങി. പുസ്തകക്കൂട്ടങ്ങളിൽ നിന്നും പാതിപോയ ആ പുസ്തകം പൊടിതട്ടി അവൾ എടുക്കുമ്പോൾ ആ പുസ്തകത്തോടുള്ള ആത്മബന്ധം

വെളിവാകുന്നുണ്ടായിരുന്നു. നിസ്കാരമുറിയിൽ ഒതുക്കി... വച്ചിരിക്കുന്ന ടീപ്പോയിൽ പുസ്തകം വച്ച് അവൾ സുബഹി നിസ്കാരവും നിർവ്വഹിച്ചു. ഖുർആന്റെ താളത്തിലുള്ള അവളുടെ ഓത്തുശൈലിയിൽ തൂണുകളും വിറച്ചു. പതിവില്ലാതെയുള്ള നീണ്ട ഓത്ത് കേട്ട് വീട്ടിലെ മുഴുവൻ കാതുകളും വിടർന്നു. പ്രാർത്ഥനകളും ദിക്റ് മൊഴികളും കഴിഞ്ഞ് ടീപ്പോയിൽ വച്ച പുസ്തകവുമായി അവൾ ബാൽക്കണിയിലേക്ക് നീങ്ങി.

"ഷെഹ്‌ലാ..., ഇതെന്താ ഇപ്പോ... ഇത്ര കാര്യായിട്ട് ഖുർആനൊക്കെ!" ജ്യേഷ്ഠത്തിയുടെ സംശയത്തിന് പുഞ്ചിരിമാത്രം ഉത്തരം നൽകി അവൾ ആ പുസ്തകം വീണ്ടും പൊടിതട്ടി. തട്ടത്തിന്റെ നീണ്ട അറ്റം കൊണ്ട് അതൊന്ന് തുടയ്ക്കുമ്പോൾ ദീർഘകാലപരിചയമുള്ള സുഹൃത്തിനെ കണ്ടതുപോലെ ചിരിമുത്തുകൾ തുളുമ്പി. ചെറിയൊരു നിശ്വാസത്തോടെ അവൾ പൂട്ടിവച്ച ചുണ്ടുകൾ തുറന്നു: "ആൽക്കെമിസ്റ്റ്"!! ആത്മാവിനെ- തൊടുന്ന തൂലികപതിഞ്ഞ കഥ. പ്രതീക്ഷയുടെ തീരങ്ങൾ തീർത്ത കഥ. മനസ്സിന്റെ നിലയില്ലാക്കയ- ങ്ങളിൽ ഹൃദയമിടിപ്പിന്റെ താളം പതിഞ്ഞു.

"അയ്... നീയിതിപ്പോ... എത്രാമത്തെ വട്ടാ... ന്റെ ഷെഹ്‌ലാ ഇദ്ദണെ വായിക്കണ്...? ഇനയ് മടുക്കൂലാ....!!" പരിഹാസം നിറഞ്ഞ ഇത്തായുടെ വാക്കുകൾക്ക് മറുപടി നൽകിയാൽ അത് തന്റെ കുറഞ്ഞ സമയത്തോട് ചെയ്യുന്ന വലിയ ചതിയാകും എന്ന് വ്യക്തമായ ധാരണയുള്ളത്കൊണ്ടാവും അത് കേൾക്കാത്തതുപോലെ അവൾ വായനയിൽ മുഴുകിയത്.........

"ഷെഹ്‌ലാ.... സമയം എത്രായിന്ന് ബല്ല ബോധോണ്ടാ അനക്ക്..... ബേഗം ബരീന്..." ഉമ്മായുടെ മുന്നറിയിപ്പ് കേട്ടപ്പോഴാണ് സ്കൂളിൽ പോകുന്ന കാര്യം തന്റെ മറവിയിൽ ലയിച്ചതായി അവൾ മനസ്സിലാക്കിയത്. "ദാ ബരണ് ഉമ്മാ...." പാതിവായിച്ചു നിർത്തിയ പുസ്തകം നെഞ്ചോട് ചേർത്തപ്പോൾ പൗലോ കൊയ്‌ലോയുടെ; പ്രതിക്ഷയുടെ ചിരിയ്ക്കുന്ന മുഖം മനസ്സിലേക്കോടി വന്നു. ആ ചെറിയ കവിൾത്തടങ്ങളിലൂടെ ഉപ്പുരസമുള്ള കണ്ണീരൊഴുകി. മനസ്സ് കൊണ്ട് ചിരിയ്ക്കുമ്പോൾ ചുണ്ടുകൾക്കൊപ്പം കണ്ണുകളും ചിരിക്കുമല്ലോ...?

ആ ചിരിയാകാം ഒരു നേർത്ത പ്രകാശമായി ആ കവിളുകളിൽ തിളങ്ങിയത്. "ഉമ്മാ... ഇന്ന് ഞാൻ വിജയിക്കും. എന്റെ തൂലികയിൽ ഒന്നാം സ്ഥാനക്കാരി എന്ന് കൈയൊപ്പ് വീഴും. എനിക്ക് പ്രതീക്ഷയുണ്ട് ഉമ്മാ..." "ന്റെ മോള് മിടുക്കത്തിയല്ലേ... എവിടെയും വിജയിക്കുന്നപോലെ ന്റെ ഷഹ്‌ലാ ഇന്ന് ഉമ്മാക്ക് കപ്പ് കൊണ്ടരും... പടച്ചോനിണ്ട് ന്റെ മോൾടെ കൂടെ... യാ അല്ലാഹ്!!" അവളുടെ നെറുകയിൽ ഉമ്മായുടെ ചുണ്ടുകൾ പതിയുമ്പോൾ ഭാവിയിൽ തന്നെ കാത്തിരിക്കുന്ന സന്തോഷത്തിന്റെ നാളുകൾ ഷെഹ്‌ലയുടെ കണ്ണുകളിൽ ജ്വലിച്ചുതുടങ്ങി. അവൾ വളരും. സ്വപ്നം പോലെ ഒരു എം.ബി.ബി.എസ് ഡോക്ടറാവും. അവളുടെ തൂലിക പ്രശസ്തി കൈവരിക്കും. സ്വപ്നങ്ങളാൽ കൂട്ടുപിണഞ്ഞ ആ ചെറിയ ഹൃദയം വലിയ സ്ഥാനങ്ങളിലെത്തും. ഷെഹ്‌ല എന്ന ഏഴ്വയസ്സുകാരിയുടെ ജീവിതം കണ്ട ഏത് കണ്ണുകൾക്കും കാണും നേരിയ തോതിൽ അസൂയയുടെ മൂടുപടം. വേദനകൾ

കൊണ്ട് ആ കുടുംബം വെന്ത്നീറുമ്പോഴും
പ്രതീക്ഷയുടെ അണയാത്ത വിളക്കായി ഷെഹ്‌ല
എന്ന ഏഴ് വയസ്സുകാരി ജീവിക്കുന്നു. ഉമ്മായോട്
സലാം പറഞ്ഞ് മടങ്ങുമ്പോൾ ഇന്ന് നടക്കുന്ന
സാഹിത്യോത്സവത്തിൽ തന്റെ തൂലികയിൽ പ്രതീക്ഷയുടെ
മഷി പുരട്ടാൻ തയ്യാറായിട്ടുണ്ട് അവൾ ആ
വീട്ടുപടി ഇറങ്ങിയത് ചെറിയ കുട്ടിയെങ്കിലും വലിയ
ലോകങ്ങൾ കണ്ടവരുടേത് പോലെയുള്ള പക്വതയുണ്ട് അവൾക്ക്.

തുലാമഴ അതിന്റെ മൂർധന്യം
വെളിവാക്കിക്കൊണ്ടേയിരുന്നു. ആർത്തുപെയ്യുന്ന
മഴയ്ക്ക് മാറ്റ് കൂട്ടാൻ ഇടിയും മിന്നലും അതിഥി-
വേഷത്തിൽ നിറഞ്ഞാടി. അർദ്ധയാമം ഇരുട്ടിന്റെ
മഹാ ഗർത്തത്തിൽ ആണ്ടുതുടങ്ങിയപ്പോൾ
പേറ്റ്നോവറിഞ്ഞ ഒരു ഉമ്മയുടെ നെഞ്ചകം ഇവിടെ
എരിയുന്നുണ്ടായിരുന്നു. മിന്നൽപിണറുകൾ
ആകാശച്ചില്ലുകളിൽ വിള്ളലുകൾ തീർത്തു.
ഇടിയുടെ ഘോര ഗർജനങ്ങളെ നിഷ്പ്രഭമാക്കി-
ക്കൊണ്ട് എവിടെ നിന്നോ നിലവിളികൾ മുഴങ്ങി.
ഉമ്മയുടെ പവിഴാധരങ്ങൾ വിറച്ചുതുടങ്ങി.

ബാൽക്കണിയിൽ തന്റെ മകളെക്കാത്ത് നിൽക്കാൻ തുടങ്ങിയിട്ട് മണിക്കൂറുകൾ കഴിഞ്ഞിരിക്കുന്നു എന്ന് സത്യം ഉമ്മ ഇതുവരെ തിരിച്ചറിഞ്ഞിട്ടില്ല. ദൂരെ നിന്നും വാഹനത്തിന്റെ ശബ്ദം കേട്ട് ഉമ്മ കണ്ണുകൾ കൂർപ്പിച്ചു; കാതുകൾ വിടർത്തി. അങ്കണത്തിൽ നിർത്തിയിട്ട ഓട്ടോറിക്ഷയിൽ നിന്നും അവൾ തന്റെ ഉമ്മയുടെ അടുക്കലേക്ക് ഓടിയെത്തുമ്പോൾ കൈയിലിരുന്ന സ്വർണപതക്കത്തിന് കൂടുതൽ വെൺമ തോന്നി. അതിന് പ്രത്യാശയുടെ ചിറകുകളുണ്ടായിരുന്നു. ഉമ്മയെ വാരിപ്പുണർന്നുകൊണ്ട് അവൾ അഭിമാനത്തോടെ തൊണ്ടയനക്കി. "നമ്മൾ വിജയിച്ചു ഉമ്മാ...". കൈവെള്ളയിൽ ഉമ്മായുടെ കവിളുകൾ അമർത്തി അവൾ ചിരിമുത്തുകൾ പൊഴിച്ചു. ശോഭയാർന്ന ആ കണ്ണുകളെ ഉറ്റുനോക്കി ആ ഉമ്മ വിളിച്ചു: "ഉമ്മാന്റെ മോളേ....." ഉത്തരം കിട്ടാതെയുള്ള ആ ശബ്ദത്തിന്റെ ശക്തി കൂടിവന്നു; അവൾ നെഞ്ചത്തടിച്ച് അലമുറയിടാൻ തുടങ്ങി.

വീട്ടുമുറ്റത്ത് നിറുത്തിയിട്ട ആംബുലൻസിന്

ചുറ്റും കൂടിയ പുരുഷാരം ആശ്ചര്യമേറിയ ഒരു
കടൽ പോലെ ആർത്തലയ്ക്കാൻ തുടങ്ങി.
ഉമ്മ മെല്ലെ ആംബുലൻസിന്റെ അരികിലേയ്ക്ക് നീങ്ങി.
തൊണ്ടയിൽ കുടുങ്ങിയ ഗദ്ഗദം... ദൈന്യതയുടെ
നിശ്ശബ്ദമായ തേങ്ങൽ, കണ്ണുചുവപ്പോടെ
നീർച്ചാലുകളായി ഒഴുകി. മകളുടെ മരിച്ച ശരീരം
പോലെ അവരുടെ മനസ്സും മരച്ചു. ഇടുങ്ങിയ
ഗർജ്ജനം പോലെ ആ ചുണ്ടുകൾ അലറി:
"മോളേ......" പേറ്റുനോവറിഞ്ഞ ഉമ്മയ്ക്കും
ശബ്ദമിടറാതെ, കണ്ണ് നിറയാതെ ആ കാഴ്ചകാണാൻ
സാധിക്കില്ല. മകളുടെ മരിച്ച ശരീരത്തിലെ
വിഷത്തിന്റെ നീലനിറം ഒരു പാമ്പിനാൽ പടർന്നു-
കയറിയതല്ല എന്നവർ തിരിച്ചറിഞ്ഞു.
വ്യർഥമായൊരു വ്യാമോഹം പോലെ പ്രതീക്ഷയുടെ
അവസാന ഇലയും കൊഴിഞ്ഞുവീഴുമ്പോൾ
നീലപടർന്ന മകളുടെ ശരീരം നെഞ്ചോടടക്കിപ്പിടിച്ച്
ആ പിതാവും വിലപിച്ചു. നിസ്സഹായതയുടെ
നിശ്ശബ്ദമായ തേങ്ങൽ! ആ ഭാവിയെ സ്വപ്നം
കണ്ട ആ കുരുന്ന് ശബ്ദം കേണുപറഞ്ഞിട്ടും.

ആ അധ്യാപകന് സത്യം തിരിച്ചറിയാൻ സാധിച്ചില്ല. എങ്കിൽ മനുഷ്യത്വമില്ലാത്ത പുതിയ മനുഷ്യരെ വാർത്തെടുക്കാനേ ആ അധ്യാപക ജീവിതം ഉപകരിക്കുകയുള്ളു. കണ്ണീർ പുഴ പോലെ ആ വീട്ടുമുറ്റം ഒഴുകിയപ്പോൾ ആ ഏഴ് വർഷം കൊണ്ട് പണിതുയർത്തിയ ഒരു വലിയ ആകാശമാണ് കാർമേഘം പോലെ നില പുരണ്ടത് പെയ്യുവാനിരിക്കുന്ന കൊടും മഴക്കാലത്തെ തടഞ്ഞുനിർത്തിയപ്പോൾ വരാനിരിക്കുന്ന വരണ്ട ജീവിതത്തെ ആ അധ്യാപകൻ കണ്ടില്ല.

പ്രതീക്ഷയുടെ വെളുത്ത കാലം ഇരുണ്ട് തുടങ്ങിയപ്പോൾ വീൽച്ചെയറിൽ ജീവിതം കഴിക്കുന്ന തന്റെ മൂത്തമകളെ നോക്കി ആ ജന്മങ്ങൾ കണ്ണീർ വാർത്തു. വാടക വീട്ടിൽ നിന്നും തങ്ങൾക്ക് മുക്തി ലഭിക്കാൻ കേവലം ഷെഹ്‌ലയുടെ യൗവനം വരെ കാത്തുനിന്നാൽ മതി എന്ന് ചിന്തിക്കുമ്പോഴും കർഷകനായ ആ പിതൃഹൃദയം എരിയുന്നുണ്ടായിരുന്നു. "ലാ ഇലാഹ ഇല്ലല്ലാഹ്!!" .... പള്ളിക്കാട്ടിൽ ദിക്റ് മൊഴികൾ മുഴങ്ങി. മഴ അതിന്റെ സർവ്വശക്തിയു-

ഉപയോഗിച്ചുകൊണ്ട് ആർത്തുപെയ്തു.
തെക്കേത്തൊടിയിൽ തന്റെ ചിതയെരിയുന്നതും നോക്കി-
നിൽക്കുന്ന ഏതോ ആത്മാവിന്റെ ശിലപോലെ
ആകാശത്ത് ആ പുതിയ നക്ഷത്രം കണ്ണുചിമ്മി.

" ഉമ്മാ.... ഉപ്പാ...., കരയരുത്. പ്രതീക്ഷകൾ
കൊണ്ട് ഞാൻ പണിതുയർത്തിയ എന്റെ
ആകാശങ്ങൾ ഇനിയും പെയ്തൊഴിയും, നിലയ്ക്കാത്ത
കണ്ണുനീർ പോലെ ഉറവകൾ പൊട്ടിയൊഴുകും.
എന്നെപ്പോലെ കൊതിതീരും മുൻപ് മണ്ണിൽ
ലയിച്ച എന്റെ സുഹൃത്തുക്കൾ എന്നെപ്പോലെ
കരയുന്നുണ്ടാവും. കാരണം, ചിലരൊക്കെ എടുത്ത്
കളഞ്ഞത് ഞങ്ങളുടെ സ്വപ്നങ്ങളുടെ ആകാശങ്ങളെയല്ലേ...."

---

അവർ ഞങ്ങളുടെ ആകാശങ്ങളെയും

എടുത്തു കളഞ്ഞു.

അധ്യാപകരുടെ അപാകതമൂലം

ചിറകുവിടർത്താതെ പോയ ഒരു നിലാപക്ഷിയാണ്

ഷെഹ്‌ല എന്ന ഏഴുവയസ്സുകാരി. എന്റെ തൂലിക,

ഷെഹ്‌ല എന്ന എന്റെ അനുജത്തിയ്ക്കായി സമർപ്പിക്കുന്നു